വയർലെസ് സെറ്റുകൾ പ്രവർത്തിപ്പിക്കുമ്പോൾ വിവരങ്ങൾ ചോർന്ന് കുറ്റവാളികൾക്ക് കിട്ടുന്നത് തടയാൻ നടപടി

9 (5915) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ രഹസ്യവിവരങ്ങൾ കൈമാറുന്ന വയർലെസ് സെറ്റുകൾ റേഡിയോ പോലെ കൈയിലും വാഹനങ്ങളിലും വച്ച് പ്രവർത്തിപ്പിക്കുന്നതുമൂലം വിവരങ്ങൾ ചോർന്ന് കുറ്റവാളികൾക്കു കിട്ടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സെറ്റുകൾ ഒരു കൈയിൽ പിടിച്ചു നിൽക്കുന്ന ട്രാഫിക് ഡ്യൂട്ടി ചെയ്യുന്നവരുൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണം പരിമിതപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ന്യൂനതകൾ ഒഴിവാക്കാൻ വിദേശരാജ്യങ്ങളിൽ ഷോൾഡർ ഫ്ളാപ്പിൽ ഫിറ്റ് ചെയ്യാവുന്ന തരം തീരെ ചെറിയ സെറ്റുകളാണ് ഉപയോഗിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആധുനീകരണത്തിന്റെ ഭാഗമായി ഇക്കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) പ്രസ്തുത ന്യൂനതകൾ പരിഹരിക്കാൻ ട്രാഫിക് ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാർക്ക് വയർലെസ് സെറ്റുകൾക്കൊപ്പം ഹെഡ്സെറ്റും അനുബന്ധ ഉപകരണങ്ങളും നൽകി വരുന്നു.

ഗുണ്ടാ ആക്ടിന്റെ നടത്തിപ്പ് അവലോകനം

10 (5916) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണ്ടാ ആക്ടിന്റെ നടത്തിപ്പ് സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ ഫലം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഗുണ്ടാ ആക്ട് നടപ്പാക്കിത്തുടങ്ങിയ ശേഷം ഗുണ്ടാ പ്രവർത്തനങ്ങളിൽ കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഇതു പ്രകാരം സംസ്ഥാനത്തൊട്ടാകെ എത്ര ഗുണ്ടകളെ ജയിലിലടച്ചിട്ടുണ്ട് ;

(ഡി) എത്രപേർ ഇപ്പോഴും ജയിൽശിക്ഷ അനുഭവിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly